പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3118 — 10.12.2018-ൽ മറുപടിക്ക്

**നേമം നിയോജക മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. രാജഗോപാൽ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| നേമം നിയോജക മണ്ഡലത്തിലെ മുടവൻമുഗൾ പാലം, പള്ളത്തുകടവ് പാലം, മധുപാലം, കല്ലടിമുഖം പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ആയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ? | **1. മുടവൻ മുഗൾ പാലം**<br><br>മുടവൻ മുഗൾ പാലം നിർമ്മാണത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി 2017-18 ബഡ്ജറ്റിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 350 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്ക് വേണ്ടിയുള്ള അപേക്ഷ 25.11.2017-ന് ചീഫ് എഞ്ചിനിയർ സർക്കാരിന് സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, സ്ഥലം ഏറ്റെടുക്കൽ കൂടി ഉൾപ്പെടുത്തി ഭരണാനുമതിയ്ക്ക് സമർപ്പിക്കുവാൻ സർക്കാർ കത്ത് നം. PWD- D1/19/2017-PWD തീയതി 19.12.2017 പ്രകാരം നിർദ്ദേശം നൽകുകയും അതിൻ പ്രകാരം 1350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് CE/R&B/2017/Tvpm/PRICE dated 13.03.2018-ൽ സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തു. വിശദമായ പരിശോധനക്ക് ശേഷം ടി. വിഷയം പിന്നീട് പരിഗണിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. (ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം) |

## 2. പള്ളത്തുകടവ് പാലം

കരമനയാറിനു കുറുകെ പള്ളത്തുകടവിൽ 22.32 മീറ്ററിന്റെ 3 സ്പാനോടുകൂടിയ പാലം പദ്ധതിയ്ക്ക് 14.08.2010-ലെ G.O(Rt)No. 1185/2009/PWD പ്രകാരം 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള റിക്വസിഷൻ 12.08.2011 -ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഡി.എൽ.പി മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 04.02.2016-ൽ നടന്ന എസ്.എൽ.ഇ.സി അംഗീകരിച്ചു കൊണ്ട് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമാക്കാൻ കാലതാമസം ഉണ്ടായതിനാൽ അത് ഡിനോവ ആയി. 2013-ലെ പുതിയ എൽ.എ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കി വരുന്നു

## 3. മധുപാലം

കരുമവും തിരുവല്ലവും തമ്മിൽ ബന്ധിപ്പിക്കുന്ന മധുപാലം പദ്ധതിക്ക് 30.05.2013-ൽ എം;എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും G.O(Rt)No. 773/2013/PWD പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തിരുവല്ലം, നേമം വില്ലേജുകളിലായി 50.28 സെന്റ് സ്വകാര്യ ഭൂമി ടി പ്രവൃത്തിയ്ക്കായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള റിക്വസിഷൻ 13.08.2015 -ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുണ്ട്. എന്നാൽ മുൻ എം.എൽ.എ-യുടെ അപേക്ഷ പ്രകാരം 30.10.2016-ലെ G.O(Rt)No. 1495/2016/PWD നമ്പർ ഉത്തരവ് പ്രാകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതി റദ്ദ് ചെയ്തിട്ടുള്ളതാണ്.

**4. കല്ലടി മുഖം പാലം**

കിള്ളിയാറിന് കുറുകെ തിരുവല്ലം -കൊഞ്ചിറവിള റോഡും കാലടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പാലം പദ്ധതിയ്ക്ക് 14.07.2009-ലെ G.O(Rt)No. 1044/2009/PWD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ എൽ.എ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള റിക്വസിഷൻ 05.06.2010 -ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും, 22.12.2014-ൽ നടന്ന ഡി.എൽ.പി.സി മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 28.05.2015-ൽ നടന്ന എസ്.എൽ.ഇ.സി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി ഫണ്ട് ലഭ്യമാകാത്തതിനാൽ അത് ഡിനോവ ആയ സാഹചര്യത്തിൽ 2013-ലെ പുതിയ എൽ.എ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ റിക്വിസിഷൻ 15.12.2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ നവീകരിച്ച ഡിസൈൻ പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു.

S. Bindu

സെക്ഷൻ ഓഫീസർ